ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1103

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

### സൂക്തം: 69 – 82

ബുദ്ധിപരമായ തെളിവുകളും ന്യായങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടോ ദൈവിക പ്രമാണങ്ങളെ ആധാരമാക്കിയോ അല്ല ഒരു വിഗ്രഹ മതവിഭാഗവും അവരുടെ നടപടിയുടെ സാധുത സ്ഥാപിച്ചിരുന്നത്. ബുദ്ധിയും പ്രമാണങ്ങളുമൊക്കെ മാറ്റിവെച്ച് പൂർവികരെ സത്യത്തിന്റെ ഉറവിടമാക്കി അംഗീകരിക്കുകയാണവർ. ആധുനിക കാലത്ത് വിഗ്രഹാരാധനയുടെ ബുദ്ധിപരമായ പാപ്പരത്തം മറച്ചുപിടിക്കാനും അതിനെ വിശിഷ്ട ദർശനമായി അവതരിപ്പിക്കാനും വിഗ്രഹ മതക്കാർ ചില കപടയുക്തികൾ ഉന്നയിക്കാറുണ്ട്. ആർജവമുള്ള ബുദ്ധിവിചാരത്തിനു മുമ്പിൽ അവയെല്ലാം തകർന്നുപോകുന്നു.

إِنَّهُمْ أَلْفَوْا آبَاءَهُمْ ضَالِّينَ ﴿٦٩﴾

69. ഇക്കൂട്ടർ സ്വന്തം പൂർവപിതാക്കളെ പിഴച്ചവരായി കണ്ടു.

فَهُمْ عَلَىٰ آثَارِهِمْ يُهْرَعُونَ ﴿٧٠﴾

70. എന്നിട്ട് ആ പൂർവികരുടെ കാൽപാടുകളിൽ തന്നെ കുതിച്ചുപായുന്നു.

**69,70**

إِنَّهُمْ أَلْفَوْا آبَاءَهُمْ = ഇക്കൂട്ടർ അവരുടെ (സ്വന്തം പൂർവ) പിതാക്കളെ കണ്ടു, പരിചയിച്ചു

ضَالِّينَ = പിഴച്ചവരായിട്ട് فَهُمْ = എന്നിട്ട് അവർ

عَلَىٰ آثَارِهِمْ = അവരുടെ (ആ പൂർവികരുടെ) കാൽപാടുകളിൽ, പൈതൃകങ്ങളിൽ (തന്നെ)

يُهْرَعُونَ = അതിശീഘ്രം പായിക്കപ്പെടുന്നു (കുതിച്ചു പായുന്നു)

ഈ നരകാവകാശികൾക്കു സംഭവിച്ച അടിസ്ഥാനപരമായ തെറ്റ് എന്താണെന്ന് വ്യക്തമാക്കുകയാണ്. സ്വന്തം പൂർവികരെ അന്ധമായി അനുകരിച്ചു എന്നതാണത്. സത്യാസത്യങ്ങളും ധർമാധർമങ്ങളും നന്മതിന്മകളും, ദൈവം നൽകിയ ബുദ്ധിയുടെയും വിവേചന സ്വാതന്ത്ര്യത്തിന്റെയും മാനദണ്ഡങ്ങളുപയോഗിച്ച് പരിശോധിക്കാൻ അവർ കൂട്ടാക്കിയില്ല. പൂർവപിതാക്കൾ ആചരിച്ചുവന്നതാണ് സത്യവും ധർമവും. ഒരുവേള അതങ്ങനെയല്ലെങ്കിൽ പോലും അതുതന്നെ പാലിച്ചു നിലനിർത്തുകയാണ് തങ്ങളുടെ ധർമം. പൂർവികരുടെ പൈതൃകങ്ങൾ തള്ളിക്കളയുന്നത് ഗോത്രത്തിന്റെ, സമുദായത്തിന്റെ, ദേശത്തിന്റെ അന്തസ്സും അഭിമാനവും ചവിട്ടിത്തേക്കലാണ്. ഇതായിരുന്നു അവരുടെ നിലപാട്. അല്ലാഹു അവതരിപ്പിച്ച പൂർവവേദങ്ങളെ അവലംബിച്ചുകൊണ്ടാണോ ഖുറൈശികൾ മുഹമ്മദീയ സന്ദേശം തള്ളിക്കളഞ്ഞ് ബഹുദൈവത്വവും വിഗ്രഹാരാധനയും തജ്ജന്യമായ അധർമങ്ങളും ആചരിക്കുന്നത് എന്ന ചോദ്യമുന്നയിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَكَذَٰلِكَ مَا أَرْسَلْنَا مِن قَبْلِكَ فِي قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَا إِنَّا وَجَدْنَا آبَاءَنَا عَلَىٰ أُمَّةٍ وَإِنَّا عَلَىٰ آثَارِهِم مُّقْتَدُونَ ﴿٢٣﴾ قَالَ أَوَلَوْ جِئْتُكُم بِأَهْدَىٰ مِمَّا وَجَدتُّمْ عَلَيْهِ آبَاءَكُمْ قَالُوا إِنَّا بِمَا أُرْسِلْتُم بِهِ كَافِرُونَ ﴿٢٤﴾

(നിനക്ക്മുമ്പ് നാം ഏതുനാട്ടിൽ ഏതു ദൈവദൂതനെ

നിയോഗിച്ചപ്പോഴും അവിടത്തെ ധിക്കാരികൾ ഇപ്രകാരം ഘോഷിക്കാതിരുന്നിട്ടില്ല, പൂർവ പിതാക്കൾ ഒരു മാർഗത്തിൽ ചരിച്ചതായി ഞങ്ങൾ കണ്ടിരിക്കുന്നു. അവരുടെ പൈതൃകങ്ങൾ പിന്തുടരുകയാണ് ഞങ്ങൾ. ഓരോ പ്രവാചകനും അവരോടു ചോദിക്കാറുണ്ട്; പൂർവികന്മാർ ചരിച്ചതായി നിങ്ങൾ കണ്ടിട്ടുള്ളതിനേക്കാൾ വിശിഷ്ടമായ സന്മാർഗമാണ് ഞാൻ കാണിച്ചുതരുന്നതെങ്കിലും നിങ്ങൾ ആ പാതയിൽ തന്നെ ചരിക്കുമെന്നോ?! അവർ പ്രതികരിച്ചു: നിങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്തു സന്ദേശവുമായിട്ടാണോ അതിനെ നിഷേധിക്കുന്നവരാണ് ഞങ്ങൾ - 43: 23,24). 2:180-ലും 5:104-ലും ഇത്തരം ആളുകളോട് ഖുർആൻ ചോദിക്കുന്നുണ്ട്: أَوَلَوْ كَانَ آبَاؤُهُمْ لَا يَعْلَمُونَ شَيْئًا وَلَا يَهْتَدُونَ (അവരുടെ പൂർവപിതാക്കൾ യാതൊരു സത്യവും ഗ്രഹിക്കാത്തവരും സന്മാർഗം പ്രാപിക്കാത്തവരുമായിരുന്നുവെങ്കിലും ഇവർ അവരെ മാത്രമേ പിന്തുടരുകയുള്ളൂ എന്നോ?). നിങ്ങൾ പ്രാർഥിക്കുന്ന ദൈവങ്ങൾ ആ പ്രാർഥന കേൾക്കുന്നുണ്ടോ, ഉപകാരമോ ഉപദ്രവമോ ചെയ്യുന്നുണ്ടോ എന്നൊക്കെ ഇബ്റാഹീം (അ) സ്വപിതാവിനോടും ജനത്തോടും ചോദിച്ചപ്പോൾ അവരുടെ മറുപടി ഇതായിരുന്നു: بَلْ وَجَدْنَا آبَاءَنَا كَذَٰلِكَ يَفْعَلُونَ (പക്ഷേ, ഞങ്ങളുടെ പൂർവ പിതാക്കൾ അങ്ങനെ ചെയ്തിരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു). ബുദ്ധിപരമായ തെളിവുകളും ന്യായങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടോ ദൈവിക പ്രമാണങ്ങളെ ആധാരമാക്കിയോ അല്ല ഒരു വിഗ്രഹ മതവിഭാഗവും അവരുടെ നടപടിയുടെ സാധുത സ്ഥാപിച്ചിരുന്നത്. ബുദ്ധിയും പ്രമാണങ്ങളുമൊക്കെ മാറ്റിവെച്ച് പൂർവികരെ സത്യത്തിന്റെ ഉറവിടമാക്കി അംഗീകരിക്കുകയാണവർ. ആധുനിക കാലത്ത് വിഗ്രഹാരാധനയുടെ ബുദ്ധിപരമായ പാപ്പരത്തം മറച്ചുപിടിക്കാനും അതിനെ വിശിഷ്ട ദർശനമായി അവതരിപ്പിക്കാനും വിഗ്രഹ മതക്കാർ ചില കപടയുക്തികൾ ഉന്നയിക്കാറുണ്ട്. ആർജവമുള്ള ബുദ്ധിവിചാരത്തിനു മുമ്പിൽ അവയെല്ലാം തകർന്നുപോകുന്നു. ചില വിഗ്രഹ മതങ്ങൾ ദേശീയത എന്ന പേരിൽ പുതിയൊരു ദൈവത്തെ സൃഷ്ടിച്ച് ഈ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ആ ദൈവം അനുശാസിക്കുന്ന ധർമങ്ങളായി മഹത്വവൽക്കരിക്കുന്നു. ദേശീയാചാരങ്ങളെ ചോദ്യം ചെയ്യുന്നത് ദൈവത്തെ ചോദ്യം ചെയ്യുന്ന പോലെ, അല്ല അതിലേറെ നികൃഷ്ടമായ കുറ്റമാക്കുന്നു.

മറ്റിടങ്ങളിൽ وجدوا آبائهم (അവർ തങ്ങളുടെ പൂർവ പിതാക്കളെ കണ്ടു) എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ أَلْفَوْا آبَاءَهُمْ ضَالِّينَ എന്നാണ് പറഞ്ഞിരിക്കുന്നത്. കണ്ടു എന്നാണ് الفى-യുടെ അർഥമെങ്കിലും إلفة പരിചയവും മമതയും സ്നേഹവും ഇണക്കവുമൊക്കെയാണ്. പൂർവാചാരങ്ങൾ കാണുന്നതിൽ അവർ നിസ്സംഗരായിരുന്നില്ല. പ്രത്യുത അത് പരിചയിക്കുന്നതിൽ മമതയും മാനസികമായ ഇണക്കവുമുണ്ടായിരുന്നു. വാസ്തവത്തിൽ ഇക്കാര്യത്തിൽ പൂർവികർക്ക് പിഴച്ചിരിക്കുന്നുവെന്ന് ബുദ്ധിയും സത്യബോധവും അവരോട് പറയുന്നുണ്ടായിരുന്നു. പക്ഷേ, പൂർവികരോടുള്ള അനുകരണഭ്രമവും ഭൗതിക താൽപര്യങ്ങളും ബുദ്ധിയുടെ വിളി കേൾക്കാൻ അനുവദിച്ചില്ല. ഇതാണ് أَلْفَوْا آبَاءَهُمْ ضَالِّينَ-ന്റെ താൽപര്യം. അങ്ങനെ അന്ധമായ പൈതൃക ഭക്തിയും ജഢികേഛകളും അവരെ പൂർവ പിതാക്കളുടെ കാൽപാടുകളിലൂടെ തന്നെ കുതിച്ചുപായിക്കുകയാണ്. هرع (അതിശീഘ്രം സഞ്ചരിച്ചു, കുതിച്ചുപാഞ്ഞു)യുടെ സകർമക പ്രയോഗമായ أَهْرَعَ-യുടെ വർത്തമാന ബഹുവചന കർമണി പ്രയോഗമാണ് يُهْرَعُونَ (കുതിച്ചോടിക്കപ്പെടുന്നു). ഓടിക്കുന്നത് പിതൃഭക്തിയും ദേഹേഛകളുമാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. ●

---

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ الْأَوَّلِينَ ﴿٧١﴾

71. അവർക്കു മുമ്പ് പൂർവികരിലധികവും വഴിപിഴച്ചിട്ടുള്ളതാകുന്നു.

وَلَقَدْ أَرْسَلْنَا فِيهِم مُّنذِرِينَ ﴿٧٢﴾

72. നാം അവരിൽ മുന്നറിയിപ്പുകാരെ അയച്ചിട്ടുണ്ടായിരുന്നു.

فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُنذَرِينَ ﴿٧٣﴾

73. എന്നിട്ടാ മുന്നറിയിപ്പു ലഭിച്ചവരുടെ ദുരന്തപരിണതി എങ്ങനെയായിരുന്നുവെന്ന് നോക്കുക.

إِلَّا عِبَادَ اللَّهِ الْمُخْلَصِينَ ﴿٧٤﴾

74. അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാർ മാത്രം ആ ദുരന്തപരിണതിയിൽനിന്ന് സുരക്ഷിതരായി.

**71-74**

وَلَقَدْ ضَلَّ قَبْلَهُمْ = അവർക്കു മുമ്പ് വഴിപിഴച്ചിട്ടുള്ളതാകുന്നു

أَكْثَرُ الْأَوَّلِينَ = പെരുത്തു പൂർവികർ, പൂർവികരിൽ അധികവും

وَلَقَدْ أَرْسَلْنَا فِيهِم = അവരിൽ നാം അയച്ചിട്ടുണ്ടായിരുന്നു മُّنذِرِينَ = മുന്നറിയിപ്പുകാരെ, പ്രവാചകന്മാരെ

فَانظُرْ = നീ നോക്കുക كَيْفَ كَانَ = എങ്ങനെയായിരുന്നുവെന്ന്

عَاقِبَةُ الْمُنذَرِينَ = (ആ) മുന്നറിയിപ്പു ലഭിച്ചവരുടെ പര്യവസാനം (ദുരന്തപരിണതി)

إِلَّا عِبَادَ اللَّهِ = അല്ലാഹുവിന്റെ ദാസന്മാർ ഒഴിച്ച് (ദാസന്മാർ മാത്രം ആ ദുരന്തപരിണതിയിൽനിന്ന് സുരക്ഷിതരായി)

الْمُخْلَصِينَ = നിഷ്കളങ്കരാക്കപ്പെട്ടവരായ

മുഹമ്മദ് നബി സംബോധന ചെയ്ത സമൂഹം മാത്രം സ്വീകരിച്ച ഒരപൂർവ നിലപാടൊന്നുമല്ല ഇത്. ഇതിനു മുമ്പും പ്രബോധിത സമൂഹങ്ങളിൽ ബഹുഭൂരിപക്ഷവും അവരുടെ പ്രബോധകരോട് സ്വീകരിച്ച സമീപനം ഇതു തന്നെയായിരുന്നു. അദ്ദേഹത്തിനു ശേഷവും ഒട്ടേറെ സമൂഹങ്ങൾ ഇസ്‌ലാമിക പ്രബോധകരോട് സ്വീകരിക്കുക ഇതേ സമീപനം തന്നെയാണ്. അവരുടെ സമീപനത്തിൽ പ്രബോധകർ അക്ഷമരാവുകയോ നിരാശപ്പെടുകയോ ചെയ്യേണ്ടതില്ല. പൂർവ സമുദായങ്ങളിൽ അല്ലാഹു പ്രവാചകന്മാരായ മുന്നറിയിപ്പുകാരെ അയച്ചിട്ടുണ്ടായിരുന്നു. പക്ഷേ, മുന്നറിയിപ്പു ലഭിച്ച പലരും പുഛിച്ചു തള്ളി. മുന്നറിയിപ്പുകാരെ ആക്രമിക്കുകയും ആട്ടിയോടിക്കുകയും ചെയ്തു. അത്തരം ധിക്കാരികൾ നേരിടേണ്ടിവന്ന ദുരന്തപരിണതിയുടെ അടയാളങ്ങൾ ഭൂമിയിലെങ്ങും കാണാം. ചരിത്രഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിട്ടുമുണ്ട്. പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾ ഗൗരവബുദ്ധ്യാ കൈക്കൊള്ളാനും അവരുടെ ഉപദേശങ്ങളനുസരിച്ച് ചരിക്കാനും ഭാഗ്യം സിദ്ധിച്ച, നിഷ്കളങ്കരായ ദൈവദാസന്മാർ മാത്രമേ അതിൽനിന്ന് രക്ഷപ്പെട്ടിട്ടുള്ളൂ. الْمُخْلَصِينَ-ന്റെ ആശയം നേരത്തേ 40-ാം സൂക്തത്തിനു താഴെ വിവരിച്ചിരിക്കുന്നു. ●

---

| | |
|---|---|
| 75. നൂഹ് നമ്മെ വിളിച്ചു പ്രാർഥിച്ചിട്ടുണ്ടായിരുന്നു. അതിവിശിഷ്ടമായി വിളികേൾക്കുന്നവനല്ലോ നാം. | وَلَقَدْ نَادَىٰنَا نُوحٌ فَلَنِعْمَ ٱلْمُجِيبُونَ ﴿٧٥﴾ |
| 76. അദ്ദേഹത്തെയും കുടുംബത്തെയും നാം മഹാ ദുരിതത്തിൽനിന്ന് രക്ഷിച്ചു. | وَنَجَّيْنَٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾ |
| 77. അദ്ദേഹത്തിന്റെ സന്തതികളെ മാത്രം ബാക്കിയാക്കി. | وَجَعَلْنَا ذُرِّيَّتَهُۥ هُمُ ٱلْبَاقِينَ ﴿٧٧﴾ |
| 78. പിൽക്കാലക്കാരിൽ അദ്ദേഹത്തിനു സൽകീർത്തി നിലനിർത്തുകയും ചെയ്തു. | وَتَرَكْنَا عَلَيْهِ فِى ٱلْءَاخِرِينَ ﴿٧٨﴾ |
| 79. ലോകരിലൊക്കെയും നൂഹിനു സലാം. | سَلَٰمٌ عَلَىٰ نُوحٍ فِى ٱلْعَٰلَمِينَ ﴿٧٩﴾ |
| 80. ഇവ്വിധമത്രെ സുകൃതർക്കു നാം കർമഫലമരുളുന്നത്. | إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٨٠﴾ |
| 81. അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനാകുന്നു. | إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ﴿٨١﴾ |
| 82. അനന്തരം മറ്റുള്ളവരെയൊക്കെയും നാം മുക്കിയൊടുക്കി. | ثُمَّ أَغْرَقْنَا ٱلْءَاخَرِينَ ﴿٨٢﴾ |

**75-82**

وَلَقَدْ نَادَانَا نُوحٌ = തീർച്ചയായും നൂഹ് നമ്മെ വിളിച്ചു പ്രാർഥിച്ചിട്ടുണ്ടായിരുന്നു
فَلَنِعْمَ الْمُجِيبُونَ = (അതിവിശിഷ്ടമായി വിളികേൾക്കുന്നവൻ, ഉത്തരം നൽകുന്നവൻ തന്നെ(യല്ലോ നാം)
وَنَجَّيْنَاهُ = അദ്ദേഹത്തെ നാം രക്ഷിച്ചു وَأَهْلَهُ = അദ്ദേഹത്തിന്റെ കുടുംബത്തെയും
مِنَ الْكَرْبِ الْعَظِيمِ = മഹാ ദുരിതത്തിൽനിന്നും وَجَعَلْنَا ذُرِّيَّتَهُ = അദ്ദേഹത്തിന്റെ സന്തതികളെ നാം ആക്കി
هُمُ الْبَاقِينَ = അവർ മാത്രം ബാക്കിയുള്ളവരായിട്ട് وَتَرَكْنَا = നാം അവശേഷിപ്പിച്ചു, നിലനിർത്തി
عَلَيْهِ = അദ്ദേഹത്തിനു (സൽകീർത്തി) فِي الْآخِرِينَ = ഒടുവിലുള്ളവരിൽ (പിൽക്കാലക്കാരിൽ)
سَلَامٌ عَلَىٰ نُوحٍ = നൂഹിനു സലാം فِي الْعَالَمِينَ = ലോകരിൽ (ഒക്കെയും)
إِنَّا كَذَٰلِكَ = ഈ വിധമത്രെ നാം نَجْزِي الْمُحْسِنِينَ = സുകൃതർക്ക് പ്രതിഫലമരുളുന്നത്
إِنَّهُ مِنْ عِبَادِنَا الْمُؤْمِنِينَ = തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനാകുന്നു
ثُمَّ أَغْرَقْنَا = അനന്തരം നാം മുക്കി(യൊടുക്കി) الْآخَرِينَ = മറ്റുള്ളവരെ(യൊക്കെയും)

നേരത്തേ 72,73 സൂക്തങ്ങളിൽ, മുഹമ്മദ് നബിക്കു മുമ്പും വഴിപിഴച്ച സമുദായങ്ങളെ വീണ്ടെടുക്കാൻ അല്ലാഹു പ്രവാചകന്മാരെ അയച്ചിരുന്നുവെന്നും പ്രവാചക സന്ദേശങ്ങൾ തള്ളിക്കളഞ്ഞ് അസത്യത്തിലും അധർമത്തിലും ശഠിച്ചു നിന്നവർക്ക് ഏർപ്പെട്ട ദുരന്ത പര്യവസാനം എന്തായിരുന്നുവെന്ന് ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നുണ്ടെന്നും പ്രസ്താവിച്ചുവല്ലോ. അതിന് ഏതാനും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയാണിനി. ആറു പ്രവാചകന്മാരുടെയും

അവരുടെ സമൂഹത്തിന്റെയും ചരിത്രമാണ് കുറിക്കുന്നത്. നൂഹ്, ഇബ്റാഹീം, മൂസാ, ഇൽയാസ്, ലൂത്വ്, യൂനുസ് (അ) എന്നിവരാണാ പ്രവാചകവര്യന്മാർ. ഇസ്മാഈൽ, ഇസ്ഹാഖ് പ്രവാചകന്മാരെയും പരാമർശിക്കുന്നുണ്ട്. നൂഹ്, ഇബ്റാഹീം, മൂസാ പ്രവാചകന്മാരാണവരിൽ മുഖ്യർ. മറ്റുള്ളവർ ഈ മൂന്നു പേരുടെ ശിഷ്യന്മാരും പിന്മുറക്കാരുമാണ്. ഈ പ്രവാചകന്മാരിൽ ഓരോരുത്തർക്കും അവരുടേതായ സവിശേഷതകളുണ്ട്. മുഹമ്മദ് നബിക്ക് അദ്ദേഹത്തിന്റെ സവിശേഷതകളുമുണ്ട്. അതോടൊപ്പം അവരുടെ പ്രബോധനാനുഭവങ്ങൾക്കും മുഹമ്മദീയ അനുഭവങ്ങൾക്കുമിടയിൽ ഒട്ടേറെ സാദൃശ്യങ്ങളും കാണാം. ഈ പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് ഒരേ ദീൻ-ദൈവിക സന്ദേശം- ആയിരുന്നുവെന്നതാണ് പ്രഥമവും പ്രധാനവുമായ സാദൃശ്യം. എല്ലാവർക്കും സ്വജനങ്ങളിൽനിന്ന് കഠിനമായ എതിർപ്പും പീഡനങ്ങളും നേരിടേണ്ടിവന്നു എന്നതാണ് മറ്റൊന്ന്. മനുഷ്യചരിത്രത്തിൽ അനുപമമായ ക്ഷമയുടെയും ആദർശ സ്ഥൈര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഒന്നാമത്തെ ഉദാഹരണമാകുന്നു നൂഹ് (അ). തൗഹീദിലുള്ള നീക്കുപോക്കില്ലാത്ത വിശ്വാസത്തിന്റെയും ദൈവത്തോടുള്ള അകളങ്കമായ കൂറിന്റെയും വിധേയത്വത്തിന്റെയും നിസ്തുല മാതൃകയാണ് ഇബ്റാഹീം (അ). ഇസ്ലാമിക ശരീഅത്തുമായി ഏറ്റവും അടുപ്പമുള്ള ശരീഅത്തിന്റെ വാഹകനായിരുന്നു മൂസാ (അ). മുഹമ്മദ് നബിയെപ്പോലെ ദൈവിക ദീനിനെയും രാഷ്ട്രീയ വ്യവസ്ഥയെയും സംയോജിപ്പിച്ച പൂർവ പ്രവാചകനുമായിരുന്നു അദ്ദേഹം.

കൂട്ടത്തിൽ ഏറ്റവും പ്രാചീനനായ നൂഹി(അ)ൽനിന്നാണ് തുടക്കം. ഇദ്ദേഹത്തിന്റെ കഥ നേരത്തേ അനേകം സൂറകളിൽ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. *ആലുഇംറാൻ, അൽഅഅ്റാഫ്, ഹൂദ്, അൽ മുഅ്മിനൂൻ, അൽ അൻകബൂത്ത്* തുടങ്ങിയ സൂറകൾ ഉദാഹരണം. നൂഹി(അ)നെ തള്ളിക്കളഞ്ഞ ദുഷ്ടജനത്തിന്റെ ദാരുണമായ പര്യവസാനവും അദ്ദേഹത്തെ അംഗീകരിച്ച സജ്ജനത്തിന്റെ രക്ഷപ്പെടലും അനുസ്മരിക്കുകയാണിവിടെ. نداء-ൽനിന്നുള്ള ഭൂതകാല ക്രിയയാണ് نَادَى. മൗലികമായി نداء ഒച്ചയിടലാണ്. വിളിയും വിളംബരവും ചർച്ച ചെയ്യലും ശാസനയും പ്രാർഥനയുമെല്ലാം نداء-ന്റെ ആശയത്തിൽ പെടുന്നു. വിവരങ്ങൾ കൈമാറുന്ന കൂട്ടുകാരൻ نَدِيّ ആണ്. نادى പൊതുകാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന സഭ. ഇസ്ലാമിനു മുമ്പ് ഖുറൈശികൾ സമ്മേളിച്ച് നാട്ടുകാര്യങ്ങൾ തീരുമാനിക്കുന്ന ഒരു കേന്ദ്രമുണ്ടായിരുന്നു. دَارُ النَّدْوَى എന്നാണതറിയപ്പെട്ടിരുന്നത്. ഇവിടെ نَادَانَا نُوحٌ എന്നതിന് 'നൂഹ് നമ്മെ വിളിച്ചു, പ്രാർഥിച്ചു' എന്നാണർഥം. മനുഷ്യനോടുള്ള അല്ലാഹുവിന്റെ نداء കൽപനയും, അല്ലാഹുവിനോടുള്ള മനുഷ്യന്റെ نداء പ്രാർഥനയുമാണ്. ഇവിടെ നൂഹി(അ)ന്റെ نداء-ൽ നടപടിയെടുക്കുന്നതിനു വേണ്ടിയുള്ള അന്തിമ റിപ്പോർട്ട് സമർപ്പണം എന്ന ആശയവും കൂടിയുണ്ട്. ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം ഇവിടെ പറയുന്നില്ല. സൂറഃ *നൂഹ്* 5-28 സൂക്തങ്ങളിൽ അത് ഉദ്ധരിക്കുന്നുണ്ട്. നൂറ്റാണ്ടുകൾ നീണ്ട നിരന്തര പ്രബോധനത്തിനുശേഷം അദ്ദേഹം അല്ലാഹുവിനോട് ബോധിപ്പിക്കുകയാണ്: ഈ ജനത്തിന്റെ മാനസാന്തരത്തിൽ ഇനിയെനിക്ക് യാതൊരു പ്രതീക്ഷയും ബാക്കിയില്ല. അവരുടെ പിൻതലമുറയിലും യാതൊരു മാറ്റവും പ്രതീക്ഷിക്കാനില്ല. കൊടിയ സത്യനിഷേധികളെയും തെമ്മാടികളെയും മാത്രമേ അവർ ജനിപ്പിക്കുന്നുള്ളൂ. ഈ നിഷേധികളിൽ ആരെയും ഭൂമിയിൽ പാർക്കാൻ വിട്ടയക്കേണ്ടതില്ല. വിട്ടയച്ചാൽ അവർ നിന്റെ മറ്റു ദാസന്മാരെയും വഴിപിഴപ്പിച്ചുകളയും. നാഥാ, എന്റെ മാതാപിതാക്കൾക്കും കുടുംബത്തിനും കുട്ടികൾക്കും എന്റെ കൂടെയുള്ള അൽപം സത്യവിശ്വാസികളായ ജനങ്ങൾക്കും പാപങ്ങൾ പൊറുത്തുതരേണമേ, എന്നാൽ ദൈവധിക്കാരികൾക്ക് നാശം തന്നെ വളർത്തിക്കൊള്ളുക. ഇതാണ് ആ റിപ്പോർട്ടിന്റെ സംഗ്രഹം.

ഈ പ്രാർഥന - റിപ്പോർട്ട്- അല്ലാഹു പൂർണമായി സ്വീകരിച്ചു. فَلَنِعْمَ الْمُجِيبُونَ എന്നാണ് മൂലവാക്യം. بئس (ദുഷ്ടം, നികൃഷ്ടം)-യുടെ വിപരീതമായ പ്രശംസാ പദമാണ് نعم (എത്ര വിശിഷ്ടം, അതിവിശിഷ്ടം, അനുഗൃഹീതം). ഉത്തരം നൽകുന്നവനും പ്രതികരിക്കുന്നവനുമാണ് مجيب. പ്രാർഥനക്കുള്ള ഉത്തരം, അർഥിച്ച കാര്യം നിറവേറ്റിക്കൊടുക്കലാണ്. റിപ്പോർട്ടിനുള്ള ഉത്തരം അതനുസരിച്ചു നടപടിയെടുക്കലും. ഈ രണ്ടർഥത്തിലും അല്ലാഹു നൂഹ് നബിക്ക് ഉത്തരം നൽകി. ആദ്യം നൂഹ് നബിയോട് വലിയൊരു കപ്പൽ നിർമിക്കാൻ കൽപിച്ചു. കപ്പൽ നിർമാണം പൂർത്തിയായതോടെ മഹാപ്രളയം ആരംഭിച്ചു. നൂഹ് നബിയും കുടുംബവും വിശ്വാസികളും കപ്പലിൽ കയറി. അവരോടൊപ്പം മറ്റു ജന്തുക്കളുടെ ഇണകളെയും കപ്പലിൽ കയറ്റിയിരുന്നു. അത് അവരുടെ വളർത്തു മൃഗങ്ങളും പക്ഷികളുമായിരിക്കാം. പക്ഷേ, ബൈബിളും പൂർവിക ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത് ഭൂമിയിലുള്ള സകല ജീവജാലങ്ങളുടെയും ഓരോ ജോഡിയെ കപ്പലിൽ വഹിച്ചു എന്നാണ്. നൂഹ് നബിയും കപ്പലിൽ കയറിയ മനുഷ്യരും ജന്തുക്കളും മാത്രം ലോകത്ത് ബാക്കിയായി. അങ്ങനെ ഞങ്ങളെ പാപമുക്തരാക്കി, ദുരന്തത്തിൽനിന്ന് രക്ഷിക്കണേ എന്ന നൂഹ് നബിയുടെ പ്രാർഥന അല്ലാഹു സഫലമാക്കി. ദൈവധിക്കാരികളായ മറ്റുള്ളവരെയെല്ലാം പ്രളയത്തിൽ മുക്കിയൊടുക്കിക്കൊണ്ട്, അസത്യവും അധർമവും തെമ്മാടിത്തങ്ങളും മാത്രം അനുവർത്തിക്കുന്ന തന്റെ ജനതയിൽനിന്ന് ഭൂമിയെ മോചിപ്പിക്കണമെന്ന ആവശ്യവും നിറവേറ്റപ്പെട്ടു. നൂഹ് നബിയുടെ ചരിത്രം അദ്ദേഹത്തിനു സൽകീർത്തിയും മറ്റുള്ളവർക്ക് ഒരു പാഠവുമായി അവശേഷിപ്പിക്കുകയും ചെയ്തു. ലോകത്തെ സകല സജ്ജനങ്ങളും അദ്ദേഹത്തിനു ശാന്തി നേർന്നുകൊണ്ടിരിക്കുന്നു. അദ്ദേഹം സത്യവിശ്വാസികളായ ദൈവദാസന്മാരിൽ അവിസ്മരണീയനായി. ഈ വിധത്തിലാണ് അല്ലാഹു സുകൃതർക്ക് കർമഫലം സമ്മാനിക്കുക.

തടുക്കാനും സഹിക്കാനുമാവാത്ത ക്ലേശമാണ് كَرْب. അതിനെ الْعَظِيم എന്നു വിശേഷിപ്പിക്കുമ്പോൾ അതിന്റെ ഭയങ്കരതയും രൗദ്രതയും പിന്നെയും പോഷിക്കുന്നു. മഹാപ്രളയമാണ് ഇവിടെ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. നൂഹ് നബിയുടെ കാലത്തെ മഹാപ്രളയവും അതിൽനിന്ന് രക്ഷപ്പെടാൻ അദ്ദേഹം കപ്പൽ നിർമിച്ചതും അതിൽ സഞ്ചരിച്ചതുമെല്ലാം ഉപരിസൂചിത സൂറകളിൽ *ഖുർആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു.

നൂഹ് നബിയുടെ സന്തതികളെ മാത്രം ബാക്കിയാക്കി. وَجَعَلْنَا ذُرِّيَّتَهُ هُمُ الْبَاقِينَ എന്ന പ്രസ്താവന പല വിധത്തിൽ വ്യാ

ഖ്യാനിക്കപ്പെട്ടിരിക്കുന്നു: 1) നൂഹ് നബിയോടൊപ്പം കപ്പലിൽ കയറിയവർ മാത്രമേ ആ മഹാപ്രളയത്തിൽനിന്ന് രക്ഷപ്പെട്ടുള്ളൂ. ആ രക്ഷപ്പെട്ടവരിൽ നൂഹ് നബിയുടെ മൂന്നു പുത്രന്മാരുണ്ടായിരുന്നു. ആ പുത്രന്മാരുടെ സന്തതികളാണ് ഇന്ന് ലോകത്തുള്ള മനുഷ്യരാസകലം. ഈ വ്യാഖ്യാനം സ്വീകരിക്കുമ്പോൾ ചില ചോദ്യങ്ങൾ ഉയർന്നുവരും. നൂഹ് നബിയോടൊപ്പം ഏതാനും സത്യവിശ്വാസികളും ഉണ്ടായിരുന്നുവല്ലോ. അവർക്കൊന്നും സന്തതികളുണ്ടായില്ലേ? ബൈബിൾ പ്രസ്താവിക്കുന്നതനുസരിച്ച് നൂഹ് നബിയുടെ 600-ാം വയസ്സിലാണ് പ്രളയമുണ്ടാകുന്നത്. പ്രളയാനന്തരം നൂഹ് (അ) പിന്നെയും 350 ആണ്ട് ജീവിച്ചുവെന്നാണ് അതിനർഥം. ഈ കാലഘട്ടത്തിൽ അദ്ദേഹത്തിനു വേറെ മക്കളൊന്നും ജനിച്ചില്ലേ? 600 പിന്നിട്ട നൂഹ് നബിക്ക് പിന്നീട് മക്കളുണ്ടായില്ല എന്നു പറയുന്നത് അവിശ്വസിക്കേണ്ട കാര്യമില്ല. പക്ഷേ, കൂടെയുണ്ടായിരുന്ന മറ്റു വിശ്വാസികൾക്കാർക്കും മക്കളുണ്ടായില്ല എന്നത് അത്ഭുതകരമായി തോന്നുന്നു. കഥാകാരന്മാർ അതിനു നൽകുന്ന വിശദീകരണം ഇതാണ്: മക്കളുണ്ടാവാൻ അവസരം കിട്ടുന്നതിനു മുമ്പേ കൂടെയുണ്ടായിരുന്ന വിശ്വാസികളെല്ലാം മരിച്ചുപോയി. 2) ബൈബിൾ വംശാവലി പ്രകാരം ആദമി(അ)ന്റെ പതിനൊന്നാം തലമുറയാണ് നൂഹ് (അ). മനുഷ്യവംശത്തിന് ഏതാണ്ട് ഒരു സഹസ്രാബ്ദമേ പ്രായമായിരുന്നുള്ളൂ. ജനസംഖ്യ തുഛമായിരുന്നു. അവർ ഒരുമിച്ച് ഒരു ദേശത്ത് പാർത്തുവന്നു. മറ്റു ദേശങ്ങളിലേക്ക് വ്യാപിച്ചിരുന്നില്ല. നൂഹ് നബി വിവിധ നാടുകളിലും സമുദായങ്ങളിലും പ്രബോധനം നടത്തിയതായി പറയുന്നുമില്ല. നൂഹ് നബിയുടെ പ്രബോധനം ലഭിച്ചവരാണ് പ്രളയത്താൽ ഉന്മൂലനം ചെയ്യപ്പെട്ടത്. അതിന് പ്രളയം ലോകത്തെ മുഴുവൻ ഗ്രസിക്കേണ്ട കാര്യമില്ലല്ലോ. അതിനാൽ നൂഹ് നബിയുടെ ജനതയുടെ നാട്ടിനെയും പരിസരപ്രദേശങ്ങളെയും മാത്രമായിരിക്കണം പ്രളയം ഗ്രസിച്ചത്. يَا أَيُّهَا النَّاسُ - അല്ലയോ മനുഷ്യരേ- എന്ന് സംബോധന ചെയ്തുകൊണ്ടല്ല, يا قوم- എന്റെ സമുദായമേ- എന്നു സംബോധന ചെയ്തുകൊണ്ടാണ് അദ്ദേഹം പ്രബോധനം ചെയ്തിരുന്നത് എന്നതും ശ്രദ്ധേയമാകുന്നു. അദ്ദേഹത്തിന്റേതല്ലാത്ത വേറെ ജനതകളും അന്നുണ്ടായിരിക്കാനുള്ള സാധ്യതയെ അത് സൂചിപ്പിക്കുന്നുണ്ടെങ്കിലും അദ്ദേഹം സ്വജനത്തെ മാത്രമേ പ്രബോധനം ചെയ്തിട്ടുള്ളൂ. ഇതെല്ലാം വ്യാഖ്യാനങ്ങളും നിഗമനങ്ങളുമാണ്, ഖണ്ഡിതമായ ചരിത്ര രേഖകളോ വേദപ്രമാണങ്ങളോ അല്ല. ഖുർആനിൽനിന്ന് ഖണ്ഡിതമായി മനസ്സിലാക്കാവുന്ന കാര്യം ഇതാണ്: ഏറെ പൗരാണികനായ ദൈവദൂതനായിരുന്നു നൂഹ് (അ). അദ്ദേഹം പ്രബോധനം ചെയ്ത ജനത അദ്ദേഹത്തെ നിഷേധിച്ചുകൊണ്ട് കൊടിയ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വിഹരിക്കുകയായിരുന്നു. നൂറ്റാണ്ടുകളോളം പ്രബോധനം ചെയ്തിട്ടും ആളുകൾ സത്യവും ധർമവും കൈക്കൊള്ളാൻ തയാറാകാതിരുന്നപ്പോൾ അവരുടെ മാനസാന്തരത്തിലുള്ള നൂഹ് നബിയുടെ പ്രതീക്ഷ അസ്തമിച്ചു. അല്ലാഹു ആ ജനത്തെ ഒരു മഹാപ്രളയത്തിലൂടെ ഉന്മൂലനം ചെയ്തു. നൂഹ് നബിയും അദ്ദേഹത്തിന്റെ ഒരു പുത്രനൊഴിച്ചുള്ള കുടുംബവും വിശ്വാസികളും പ്രളയത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടു. ഈ ചരിത്രത്തിലൂടെ നൂഹ് (അ) എക്കാലത്തും അനുസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. وَتَرَكْنَا عَلَيْهِ فِي الْآخِرِينَ എന്ന വാക്യത്തിന്റെ പദാനുപദ തർജമ 'നാം പിൻഗാമികളിൽ അദ്ദേഹത്തിനുമേൽ അവശേഷിപ്പിച്ചു' എന്നാണ്. ഇത് പലവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. تَرَكَ-ൽനിന്നുള്ള ഉത്തമപുരുഷ ഭൂതകാല ബഹുവചന ക്രിയയാണ് تركنا. വർജിക്കുക, ബഹിഷ്കരിക്കുക എന്നും അവശേഷിപ്പിക്കുക എന്നും تَرَكَ-ന് അർഥമുണ്ട്. ترك الموالاة നിസ്സഹകരണമാണ്. تارك الصلاة നമസ്കാരം ഉപേക്ഷിക്കുന്നവൻ. മരണപ്പെട്ടവർ അവശേഷിപ്പിച്ച വസ്തുവഹകൾ تركة ആണ്. അവശേഷിപ്പിക്കുക എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. تركَ സകർമക ക്രിയയായതിനാൽ അതിന് ഒരു കർമമുണ്ടെന്നും ആ കർമം ഇവിടെ അനുക്തമാണെന്നും അത് ഉക്തമാകുമ്പോൾ تركنا عليه ثناءا حسنا (സൽകീർത്തി അവശേഷിപ്പിച്ചു) എന്നാകും വചനമെന്നുമാണ് പണ്ഡിതന്മാർ പൊതുവിൽ വിശദീകരിക്കുന്നത്. സമഖ്ശരിയെപ്പോലുള്ള പണ്ഡിതന്മാർ പറയുന്നത് تركنا-യുടെ കർമം തുടർന്നു പറയുന്ന سَلَامٌ عَلَى.....الْعَالَمِينَ എന്ന വാക്യമാണ് എന്നാണ്. അതായത് നൂഹിന് സലാം എന്ന അഭിവാദ്യം പിൽക്കാലക്കാരായ സകല ലോകരിലും അല്ലാഹു അവശേഷിപ്പിച്ചു. മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്: تَرَكْنَا عَلَيْهِ എന്ന വാക്ക് أبقى على كذا എന്ന പ്രയോഗവുമായി ബന്ധപ്പെട്ടതാണ്. ദ്രവിച്ചുപോകാത്ത അവസ്ഥയിൽ സംരക്ഷിച്ചു നിലനിർത്തി എന്നാണീ പ്രയോഗത്തിനർഥം. നൂഹ് നബിയുടെ പേരും പെരുമയും പിൽക്കാരക്കാരിൽ മാഞ്ഞുപോകാതെ നിലനിർത്തി എന്നാണ് تَرَكْنَا عَلَيْهِ فِي الْآخِرِينَ-ന്റെ താൽപര്യം. എല്ലാ വ്യാഖ്യാനങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്. ●